2026
MARCH
17
TUESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## രാജ്യത്തെ ജലഗതാഗത രംഗത്ത് പുതിയ അധ്യായം

# വാട്ടർ മെട്രോ മാതൃക രാജ്യവ്യാപകമാക്കാൻ കേന്ദ്രം; കെഎംആർഎൽ പഠന റിപ്പോർട്ട് സമർപ്പിച്ചു



**കൊച്ചി:** രാജ്യത്തെ നഗര ജലഗതാഗത രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതുറക്കാവുന്ന നിർണായക ചുവടുവെപ്പായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് രാജ്യത്തെ വിവിധ നഗരങ്ങളിൽ വാട്ടർ മെട്രോ മാതൃക നടപ്പാക്കാനുള്ള സമഗ്ര സാധ്യത പഠന റിപ്പോർട്ട് സമർപ്പിച്ചു. കൊച്ചി വാട്ടർ മെട്രോയുടെ വിജയഗാഥയെ അടിസ്ഥാനമാക്കി രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഈ മാതൃക വ്യാപിപ്പിക്കാനുള്ള നടപടികൾ ഇതോടെ കൂടുതൽ ശക്തമായി. പരിസ്ഥിതി സൗഹൃദവും ആധുനിക സൗകര്യങ്ങളുമുള്ള ജലഗതാഗത സംവിധാനമായി ലോകത്തിന്റെ ശ്രദ്ധ നേടിയകൊച്ചി വാട്ടർ മെട്രോ, ഇന്ത്യയിലെ നഗര ഗതാഗത ചരിത്രത്തിൽ പുതിയ മാതൃക സൃഷ്ടിച്ചതോടെയാണ് കേന്ദ്ര സർക്കാർ രാജ്യവ്യാപകമായ സാധ്യതകൾ പരിശോധിക്കാൻ കെഎംആർഎലിനെ ചുമതലപ്പെടുത്തിയത്. കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയം കഴിഞ്ഞ നവംബറിലാണ് രാജ്യത്തെ 18 കേന്ദ്രങ്ങളിൽ വാട്ടർ മെട്രോ നടപ്പാക്കാനുള്ള സാധ്യത പഠനം നടത്താൻ കെഎംആർഎലിനെ ചുമതലപ്പെടുത്തിയത്. രാജ്യത്ത് ആദ്യമായി കൊച്ചിയിൽ വാട്ടർ മെട്രോ വിജയകരമായി നടപ്പാക്കിയ അനുഭവ സമ്പത്ത് കൊച്ചി മെട്രോയ്ക്ക് ഇക്കാര്യത്തിൽ കരുത്തായി.

റെക്കോർഡ് വേഗത്തിലാണ് രാജ്യത്തെ വിവിധ നഗരങ്ങളും ജലമേഖലകളും സന്ദർശിച്ച് നടത്തിയ വിശദമായ പഠന റിപ്പോർട്ടുകൾ ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യക്ക് സമർപ്പിച്ചത്. കൊച്ചി മാതൃകയ്ക്ക് ദേശീയ തലത്തിൽ ലഭിക്കുന്ന അംഗീകാരമാണ് ഈ സാധ്യത പഠനം വ്യക്തമാക്കുന്നതെന്ന് കെഎംആർഎൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു. സുസ്ഥിരവും സാങ്കേതികവിദ്യ അധിഷ്ഠിതവുമായ ജലഗതാഗതം നഗര ഗതാഗതത്തിന് പ്രായോഗിക പരിഹാരമായി മാറാമെന്നത് കൊച്ചി വാട്ടർ മെട്രോ തെളിയിച്ചിട്ടുണ്ട്. ഈ സാധ്യത പഠന റിപ്പോർട്ടുകളുടെ സമർപ്പണം രാജ്യവ്യാപകമായ ഒരു വലിയ യാത്രയുടെ തുടക്കമാണ്. ശുദ്ധവും കാര്യക്ഷമവും ഏകീകൃതവുമായ ജലാധിഷ്ഠിത പൊതുഗതാഗത സംവിധാനത്തിനായി കെഎംആർഎല്ലിന്റെ പരിചയവും വൈദഗ്ധ്യവും പ്രയോജനപ്പെടുത്താൻ കഴിയുന്നത് അങ്ങേയറ്റം അഭിമാനാർഹമായ കാര്യമാണെന്നും അദ്ദേഹം പറഞ്ഞു.

ഇതോടൊപ്പം മറ്റു നഗരങ്ങളിലെ പദ്ധതികൾ തയ്യാറാക്കാനും നടപ്പാക്കാനും ചുമതല ലഭിച്ചാൽ നഗര ജലഗതാഗത രംഗത്ത് കെഎംആർഎൽ ദേശീയതലത്തിലും ആഗോളതലത്തിലും മികച്ച ബ്രാൻഡായി വളരാനുള്ള സാധ്യതയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യത്തെ 11 സംസ്ഥാനങ്ങളും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളും ഉൾപ്പെടെ 18 കേന്ദ്രങ്ങളിലാണ് വാട്ടർ മെട്രോ സാധ്യത പഠനം നടത്തിയത്. ശ്രീനഗർ, ഗോഹാത്തി, തേജ്പൂർ, ദിബ്രുഗഡ്, പാറ്റ്ന, വാരണാസി, അയോധ്യ, പ്രയാഗ് രാജ്, കട്ടക്, അഹമ്മദാബാദ്, സൂറത്ത്, ഗോവ, മംഗലാപുരം, കൊല്ലം, ആലപ്പുഴ, ആന്തമാൻ എന്നിവടങ്ങളാണ് പഠനം പൂർത്തിയാക്കിയ പ്രധാന കേന്ദ്രങ്ങൾ. ലക്ഷദ്വീപും കൊൽക്കത്തയും ഉൾപ്പെടെയുള്ള രണ്ട് കേന്ദ്രങ്ങളിലെ പഠനം പുരോഗമിക്കുകയാണ്. കനാൽ, നദി, കായൽ, കടൽ, പോർട്ട് വാട്ടർ എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന ജലമേഖലകളിൽ നഗരഗതാഗതത്തിനായി വാട്ടർ മെട്രോ സംവിധാനം നടപ്പാക്കാനുള്ള സാധ്യതകൾ വിലയിരുത്തുന്നതായിരുന്നു ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം. ആലപ്പുഴയിൽ വാട്ടർ മെട്രോ നടപ്പാക്കുന്നതിന്റെ ഭാഗമായി എട്ട് പ്രധാന റൂട്ടുകൾ പഠന വിധേയമാക്കി. ആകെ 87.77 കിലോമീറ്റർ നീളമുള്ള ജലപാതയിൽ 61 ബോട്ടുകളും 15 ടെർമിനലുകളുംആവശ്യമുണ്ടെന്നാണ് പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത്.

കൊല്ലത്ത് വാട്ടർ മെട്രോ പദ്ധതിക്കായി ഏകദേശം 34.85 കിലോമീറ്റർ നീളമുള്ള ജലപാതകളിൽ സർവീസ് നടത്താൻ 35 ബോട്ടുകളും 15 ടെർമിനലുകളും ആവശ്യമായി വരുമെന്നാണ് പഠനം വിലയിരുത്തുന്നത്.

മുംബൈ മെട്രോ പൊളിറ്റൻ മേഖലയിലുടനീളം വൈതർണ, വസായ്, മനോരി, താനെ, പനവേൽ, കരാഞ്ജ തുടങ്ങിയ ജലാശയങ്ങളെ ബന്ധിപ്പിച്ച് വാട്ടർ മെട്രോ ആരംഭിക്കാനുള്ള വിശദ പദ്ധതി റിപ്പോർട്ടും കെഎംആർഎൽ മഹാരാഷ്ട്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നേരത്തെ മുംബൈ വാട്ടർ മെട്രോയ്ക്കുള്ള പഠന റിപ്പോർട്ട് കൊച്ചി മെട്രോ സമർപ്പിച്ചിരുന്നു. ഏകദേശം 250 കിലോമീറ്റർ നീളമുള്ള ജലപാത ഉൾപ്പെടുന്ന ഈ പദ്ധതിയിൽ 10 റൂട്ടുകൾ, 49 ടെർമിനലുകൾ, 207 ബോട്ടുകൾ എന്നിങ്ങനെയാണ് നിർദ്ദേശിച്ചിരിക്കുന്നത്.

മഹാരാഷ്ട്ര സർക്കാർ നടത്തിയ ഓപ്പൺ ടെണ്ടറിൽ മത്സരിച്ചാണ് കെഎംആർഎൽ ഈ പദ്ധതിയുടെ സാധ്യത പഠനവും തുടർന്ന് ഡി പി ആർ തയ്യാറാക്കുന്നതിനുള്ള കരാറും നേടിയത്.

## നെറ്റ്ഫ്ളിക്സിന്റെ 'ഐലൈൻ സ്റ്റുഡിയോ' ഹൈദരാബാദിൽ തുടങ്ങി

**ന്യൂഡൽഹി:** ഇന്ത്യയിലെ വളർന്നുവരുന്ന ആനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിങ്, കോമിക്സ് (എ.വി.ജി.സി) മേഖലയിൽ നിക്ഷേപം നടത്തിക്കൊണ്ട്, നെറ്റ്ഫ്ളിക്സിന്റെ ആഗോള നിർമ്മാണ, നൂതനാശയ സ്റ്റുഡിയോയായ 'ഐലൈൻ സ്റ്റുഡിയോ' ഹൈദരാബാദിൽ പ്രവർത്തനമാരംഭിച്ചു. ആഗോള ഉത്പാദന ശൃംഖലകളിൽ ഇന്ത്യയുടെ പങ്ക് കൂടുതൽ ശാക്തീകരിക്കുന്നതിനും അത്യാധുനിക വിഷ്വൽ ഇഫക്ട്സുകളുടെയും വരുംതലമുറയിലെ നിർമ്മാണ സാങ്കേതികവിദ്യകളുടെയും വിപുലീകരണത്തെ പിന്തുണയ്ക്കുന്നതിന് ഈ സംരംഭം സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ചടങ്ങിൽ തെലങ്കാന മുഖ്യമന്ത്രി പറഞ്ഞു. അനുമൂല രേവന്ത് റെഡ്ഡി, കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം സെക്രട്ടറി സഞ്ജയ് ജാജു, ഐലൈൻ സ്റ്റുഡിയോ സി.ഇ.ഒ ജെഫ് ഷാപ്പിറോ, നടനും ചലച്ചിത്ര നിർമ്മാതാവുമായ റാണ ദഗ്ഗുബട്ടി എന്നിവർ പങ്കെടുത്തു. ഏകദേശം 32,000 ചതുരശ്ര അടി വിസ്തൃതിയുള്ള ഹൈദരാബാദിലെ സ്റ്റുഡിയോ ഹൈബ്രിഡ് ക്ലൗഡ് അടിസ്ഥാന സൗകര്യങ്ങളുടെ പിന്തുണയുള്ള അത്യാധുനിക വിഷ്വൽ ഇഫക്ട്സുകളും വെർച്വൽ പ്രൊഡക്ഷൻ സാങ്കേതികവിദ്യകളും കൊണ്ട് സജ്ജീകരിച്ചിരിക്കുന്നു. ഉയർന്ന നിലവാരമുള്ള ദൃശ്യ കഥാകഥനത്തെ പിന്തുണയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്ത സ്റ്റുഡിയോ, ലോസ് ഏഞ്ചൽസ്, വാൻകൂവർ, സിയോൾ, ലണ്ടൻ എന്നിവിടങ്ങളിലെ കേന്ദ്രങ്ങൾ ഉൾപ്പെടുന്ന ഐലൈൻ സ്റ്റുഡിയോയുടെ ആഗോള ശൃംഖലയുടെ ഭാഗമായി പ്രവർത്തിക്കും. ശക്തമായ സൃഷ്ടിപരതയും സാങ്കേതികത്വവുമുള്ള പ്രതിഭകളുടെ പിന്തുണയോടെ ആഗോള വിഷ്വൽ ഇഫക്ട്സ് വ്യവസായ രംഗത്ത് ഇന്ത്യ ദീർഘകാലമായി സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ടെന്ന് ഐലൈൻ സ്റ്റുഡിയോയുടെ സി.ഇ.ഒ ജെഫ് ഷാപ്പിറോ പറഞ്ഞു. ഹൈദരാബാദിന്റെ സാങ്കേതിക ആവാസവ്യവസ്ഥയും ചലച്ചിത്ര സംസ്കാരവും ദീർഘകാലാധിഷ്ഠിത കാര്യക്ഷമതകൾ വികസിപ്പിക്കുന്നതിനും ആഗോള ദൃശ്യ കഥാകഥനത്തിന് സംഭാവനയേകുന്നതിനും അനുയോജ്യമായ കേന്ദ്രമാക്കി മാറ്റുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ചലച്ചിത്ര സർഗ്ഗാത്മക വ്യവസായമേഖലകളിൽ ഹൈദരാബാദ് ഗണ്യമായ വളർച്ച കൈവരിച്ചിട്ടുണ്ടെന്ന് നടനും നിർമ്മാതാവുമായ റാണ ദഗ്ഗുബട്ടി പറഞ്ഞു. ഐലൈൻ സ്റ്റുഡിയോ പോലുള്ള സംരംഭങ്ങൾ നഗരത്തിന്റെ സർഗ്ഗാത്മക ആവാസവ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും കലാകാരന്മാർക്കും കഥാകൃത്തുക്കൾക്കും പുതിയ അവസരങ്ങൾ തുറക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.




## പത്മ പുരസ്കാരം 2027: നാമനിർദ്ദേശ സമർപ്പണം ആരംഭിച്ചു

**ന്യൂഡൽഹി:** പത്മ പുരസ്കാരം 2027നുള്ള നാമനിർദ്ദേശങ്ങൾ, ശുപാർശകൾ സമർപ്പിക്കാനുള്ള അവസരം മാർച്ച് 15ന് ആരംഭിച്ചു. പത്മ പുരസ്കാരം നാമനിർദ്ദേശങ്ങൾക്കുള്ള അവസാന തീയതി 2026 ജൂലൈ 31 ആണ്. പത്മ അവാർഡുകൾക്കുള്ള നാമനിർദ്ദേശങ്ങൾ, ശുപാർശകൾ രാഷ്ട്രീയ പുരസ്കാർ പോർട്ടലിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ എന്നീ പത്മ പുരസ്കാരങ്ങൾ രാജ്യത്തെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതികളിൽ ഒന്നാണ്. 1954ൽ സ്ഥാപിതമായ ഈ പുരസ്കാരങ്ങൾ എല്ലാ വർഷവും റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിക്കപ്പെടുന്നു. 'വിശിഷ്ട പ്രവർത്തനം' അംഗീകരിക്കുന്നതിനും കല, സാഹിത്യം, വിദ്യാഭ്യാസം, കായികം, വൈദ്യം, സാമൂഹിക പ്രവർത്തനം, ശാസ്ത്രം, എഞ്ചിനീയറിംഗ്, പൊതുകാര്യം, സിവിൽ സർവീസ്, വ്യാപാരം, വ്യവസായം തുടങ്ങിയ എല്ലാ മേഖലകളിലും, ശാഖകളിലും മികച്ചതും അസാധാരണവുമായ നേട്ടങ്ങൾ, സേവനം എന്നിവയ കാഴ്ച വെയ്ക്കുന്നതിനും നൽകുന്നതാണ് ഈ പുരസ്കാരം. വംശം, തൊഴിൽ, പദവി, ലിംഗഭേദം എന്നിവയില്ലാത്ത എല്ലാ വ്യക്തികൾക്കും ഈ പുരസ്കാരത്തിന് അർഹതയുണ്ട്. ഡോക്ടർമാരും ശാസ്ത്രജ്ഞരും ഒഴികെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന ഗവൺമെന്റ് ജീവനക്കാർക്ക് പത്മ പുരസ്കാരങ്ങൾക്ക് അർഹതയില്ല.

ഇതുസംബന്ധിച്ച വിശദാംശങ്ങൾ ആഭ്യന്തര മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ (https://mha.gov.in) 'അവാർഡുകളും മെഡലുകളും' എന്ന ശീർഷകത്തിന് കീഴിലും പത്മ പുരസ്കാരം പോർട്ടലിലും (http-s://padmaawards.gov.in) ലഭ്യമാണ്. ഈ പുരസ്കാരങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും https://padmaawards.gov.in/A bout Awards.aspx എന്ന ലിങ്കിൽ വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇന്നത്തെ പരിപാടി

### കൊച്ചി

- **എറണാകുളം ചാവറ കൾച്ചറൽ സെന്റർ :** കൊച്ചിൻ ഫിലിം സൊസൈറ്റിയും ചാവറ കൾച്ചറൽ സെന്ററും ചേർന്ന് നടത്തുന്ന സംവിധായകൻ ജി അരവിന്ദൻ അനുസ്മരണം. അരവിന്ദൻ സിനിമകളുടെ പ്രദർശനവും പ്രഭാഷണവും വൈകിട്ട് 4ന്.
- **അങ്കമാലി വ്യാപാരഭവൻ :** മർച്ചന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ആലുവ രാജഗിരി ആശുപത്രിയുമായി സഹകരിച്ച് രാവിലെ 9.30ന് മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കും.
- **ഇടപ്പള്ളി ചങ്ങമ്പുഴ സാംസ്കാരിക കേന്ദ്രം :** ബോംബെ രവി സ്മരണാഞ്ജലി പ്രദർശനം വൈകിട്ട് 5.30ന്.

**മട്ടാഞ്ചേരി അർമാൻ കലക്ടീവ് ആൻഡ് കഫേ :** കൊച്ചി ബിനാലെ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന സംഭാഷണ സദസ്സ് വൈകിട്ട് 5ന്. ഡോ. പി. കെ മൈക്കിൾ തരകൻ, എൻ. എസ് മാധവൻ, ഡോ. സുനിൽ പി. ഇളയിടം എന്നിവർ പങ്കെടുക്കും.

- **എറണാകുളം ടൗൺ ഹാൾ :** കെ.പി.എം.എസ് സംസ്ഥാന സമ്മേളനം രാവിലെ 9:30 മുതൽ പൊതു ചർച്ച തുടർന്ന് നടക്കുന്ന സുഹൃദ് സമ്മേളനം മന്ത്രി.പി.രാജീവ് ഉദ്ഘാടനം ചെയ്യും. കെ.പി.എം.എസ് ഖജാൻജി അഡ്വ.എ.സനീഷ്കുമാർ അധ്യക്ഷത വഹിക്കും. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, കൊടിക്കുന്നിൽ സുരേഷ് എം.പി, എൻ.ഡി.എ വൈസ് ചെയർമാൻ എ.എൻ.രാധാകൃഷ്ണൻ തുടങ്ങിയവർ സംസാരിക്കും. ചടങ്ങിൽ സിവിൽ സർവീസ് റാങ്ക് ജേതാവ് കുമാരി ദിവ്യ.എസിനെ അനുമോദിക്കും.
- **കച്ചേരിപ്പടി ഗാന്ധിഭവൻ :** ഇന്ത്യൻ സോഷ്യലിസ്റ്റ്@90 സംഘാടകസമിതിയുടെ ആഭിമുഖ്യത്തിൽ, സച്ചാർ കമ്മീഷൻ അംഗവും ഹിന്ദു, മുസ്ലിം ഹാർമണി കമ്മിറ്റി ചെയർമാനും ആയിരുന്ന ജെ.എൻ.യു മുൻ എമിരറ്റസ് പ്രൊഫസർ പത്മഭൂഷൺ പ്രൊഫ. ടി കെ ഉമ്മൻ അനുസ്മരണം വൈകുന്നേരം 4.30 ന്

### കോതമംഗലം

- **തൃക്കാരിയൂർ മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.
- **തിരുവാരപ്പെട്ടി മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ

# നിയമസഭാ തിരഞ്ഞെടുപ്പ് : ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഇന്ന്

**കൊച്ചി:** 2026ലെ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ വിവിധ തിരഞ്ഞെടുപ്പ് വിഭാഗം ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ഇന്ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും. തിരഞ്ഞെടുപ്പ് ചെലവ് നിരീക്ഷിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള വീഡിയോ സർവൈലൻസ് ടീം, വീഡിയോ വ്യൂയിംഗ് ടീം, അക്കൗണ്ടിംഗ് ടീം എന്നിവർക്ക് രാവിലെ 10.30 നും, ഫ്ളയിംഗ് സ്ക്വാഡ്, സ്റ്റാറ്റിക് സർവൈലൻസ് ടീം എന്നിവയിലെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാർക്ക് ഉച്ചയ്ക്ക് രണ്ടിനുമാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

# അഖിലേന്ത്യാ മൂട്ട് കോർട്ട് മൽസരം : നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് കൊച്ചി ജേതാക്കൾ



**കൊച്ചി:** എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ 23മത് അഖിലേന്ത്യാ മൂട്ട് കോർട്ട് മൽസരത്തിന് പ്രൗഢ ഗംഭീര സമാപനം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവ അഭിഭാഷകർ മാറ്റുരുച്ച വാശിയേറിയ മൂട്ട് കോർട്ട് മൽസരത്തിൽ ഒന്നാം സ്ഥാനം നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് കൊച്ചിയും രണ്ടാം സ്ഥാനം ക്രൈസ്റ്റ് അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോ ബംഗ്ലുളുരുവും കരസ്ഥമാക്കി.
സമാപന സമ്മേളനത്തിലും സമ്മാന ദാനത്തിലും ഹൈക്കോടതി ജഡ്ജിമാരായ ജസ്റ്റിസ് സി. എസ് ഡയസ്, ജസ്റ്റിസ് ജോബിൻ സെബാസ്റ്റ്യൻ, ജസ്റ്റിസ് സിയാദ് റഹ്മാൻ എന്നിവർ മുഖ്യാതിഥികളായിരുന്നു. പ്രിൻസിപ്പൾ ഡോ. ബിന്ദുരോൾ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. പി.എസ് ഷിൻസി, ഡോ. കെ. ലിനി, കൺവീനർ മാഹിൻ അബൂബക്കർ, ഡോ. ആർ. പ്രിയ എന്നിവർ സംസാരിച്ചു.

# വെള്ളാഞ്ചിറ ഫാത്തിമ മാത സ്കൂൾ ഹാൾ ഉദ്ഘാടനം ചെയ്തു




**വെള്ളാഞ്ചിറ:** വെള്ളാഞ്ചിറ ഫാത്തിമ മാത സ്കൂൾ ഹാൾ ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ ഹാളിന്റെ ആശീർവ്വാദവും ഉദ്ഘാടനവും നിർവ്വഹിച്ചു. ചാലക്കുടി സെന്റ് മേരീസ് ഫൊറോന പള്ളി വികാരി ഫാ. വർഗീസ് പാത്താടൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ആളൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് റോസിലി ഫ്രാൻസിസ് മുഖ്യാതിഥിയായിരുന്നു. മുൻ വികാരി ഫാ. ജോസ് മാളിയേക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. ആളൂർ ഗ്രാമ പഞ്ചായത്ത് മെമ്പർമാരായ ജിനി പോൾ, ജിനി ബാബു, വികാരി ഫാ. ആന്റോ പാണാടൻ, സെക്രട്ടറി മാർട്ടിൻ അറയ്ക്കൽ സെന്റ് കാതറിൻ ലബോറെ ഹൗസ് മദർ സിസ്റ്റർ ഷാലി മൂത്തേടത്ത്, ഫാത്തിമ മാത സ്കൂൾ പ്രധാന അധ്യാപകൻ സി. നിധിൻ ടോണി, ഇടവക ട്രസ്റ്റി വിത്സൻ പുന്നേലിപറമ്പിൽ, ഹാൾ നിർമ്മാണ കമ്മറ്റി ജനറൽ കൺവീനർ സന്തോഷ് അരിക്കാടൻ, ഫിനാൻസ് കൺവീനർ ജോസ് മാഞ്ഞൂരാൻ, കൺസ്ട്രക്ഷൻ കൺവീനർ മെന്റസ് കണ്ണൂക്കാടൻ, പർച്ചെയ്സ് കൺവീനർ ജോസ്മോൻ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു.

# അമൃതയിൽ ഡയബറ്റിക് ഫൂട്ട് സി.എം.ഇ 2026

**കൊച്ചി:** അമൃത ആശുപത്രിയിലെ എൻഡോക്രൈനോളജി, ഡയബറ്റിക് ഫൂട്ട് സർജറി വിഭാഗങ്ങളുടെ ആഭിമുഖ്യത്തിൽ 'അമൃത ഡയബറ്റിക് ഫൂട്ട് സി.എം.ഇ 2026' സംഘടിപ്പിക്കുന്നു. 'ഡയബറ്റിക് ഫൂട്ട് മാനേജ്മെന്റ്: പ്രായോഗിക സമീപനം' എന്ന വിഷയത്തിൽ കൊച്ചി അമൃത ആശുപത്രിയിൽ മാർച്ച് 22 നാണ് ആണ് പരിപാടി. പ്രമേഹരോഗികളിലെ പാദസംരക്ഷണം, ചികിത്സാ രീതികൾ എന്നിവയിലെ നൂതന മാറ്റങ്ങളെക്കുറിച്ച് ആരോഗ്യപ്രവർത്തകർക്ക് അവബോധം നൽകുകയാണ് ലക്ഷ്യം. ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് ആരോഗ്യ അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്നവർ എന്നിവർക്കായി പ്രത്യേക സെഷനുകൾ ക്രമീകരിച്ചിട്ടുണ്ട്. സി.എം.ഇയുടെ ഭാഗമായി വിദഗ്ധർ നയിക്കുന്ന ക്ലാസുകളും ചർച്ചകളും നടക്കും. ഡയബറ്റിക് ഫൂട്ട് രോഗികളുടെ ചികിത്സയിൽ നേരിടുന്ന വെല്ലുവിളികൾ, സമയോചിതമായ ചികിത്സയുടെ പ്രാധാന്യം, മുറിവുകൾ നിയന്ത്രിക്കുന്നതിലെ പുതിയ രീതികൾ, ശസ്ത്രക്രിയാ സാധ്യതകൾ തുടങ്ങിയ വിഷയങ്ങൾ പരിപാടിയിൽ വിശദമായി അവതരിപ്പിക്കും. പ്രമേഹപാദ രോഗികളെ സമയബന്ധിതമായി തിരിച്ചറിഞ്ഞ് ശരിയായ രീതിയിൽ ചികിത്സ നൽകുന്നത് വഴി അംഗവൈകല്യങ്ങൾ ഒഴിവാക്കാനും രോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും സാധിക്കുമെന്ന് സംഘാടകർ അറിയിച്ചു. ഡോക്ടർമാർക്കും, നേഴ്സുമാർക്കും മറ്റു ആരോഗ്യ പ്രവർത്തകർക്കും പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷനായി 7994999360 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ദേശീയ ക്യാറ്റ് വിദ്യാർത്ഥി കൺവെൻഷൻ നടന്നു




**തൃശൂർ:** രാജ്യത്തുടനീളമുള്ള ആയിരത്തോളം വിദ്യാർത്ഥികൾ പങ്കെടുത്ത ദേശീയ ക്യാറ്റ് വിദ്യാർത്ഥി കൺവെൻഷൻ തൃശൂരിലെ തിരുവമ്പാടി കൺവെൻഷൻ സെന്ററിൽ നടന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ (ഐസിഎംഎഐ) പ്രസിഡന്റ് സിഎംഎ ടിസിഎ ശ്രീനിവാസ പ്രസാദ്, ഐസിഎംഎഐ അക്കൗണ്ടിംഗ് ടെക്നിഷ്യൻസ് കമ്മിറ്റി ചെയർമാൻ സിഎംഎ രാജേന്ദ്ര സിംഗ് ഭാട്ടിയ തുടങ്ങിയവർ പ്രസംഗിച്ചു. ക്യാറ്റ് റാങ്ക് ഉടമകളേയും ക്യാറ്റ് കോഴ്സിന്റെ വികസനത്തിനും പ്രോത്സാഹനത്തിനും നൽകിയ സംഭാവനകളെ മാനിച്ച് മികച്ച ചാപ്റ്ററുകൾക്കും ആർഒസിസികളേയും (റെക്കഗ്നൈസ്ഡ് ഓറൽ കോച്ചിംഗ് സെന്റർ) ചടങ്ങിൽ ആദരിച്ചു.

# പെരുമ്പാവൂരിലെ ആദ്യ എം.ആർ.ഐ സ്കാൻ കേന്ദ്രം തുറന്നു

**കൊച്ചി:** പെരുമ്പാവൂരിലെ ആദ്യത്തെ എം ആർ ഐ സ്കാൻ ഉൾപ്പെടെയുള്ള ഡയഗ്നോസ്റ്റിക്സ് കേന്ദ്രം ക്ലാരിറ്റി സ്കാൻ വേൾഡ് താലൂക്ക് ആശുപത്രിക്ക് എതിർവശം യു ബി ഐ റോഡിൽ ബെന്നി ബെഹനാൻ എം.പി ഉദ്ഘാടനം ചെയ്തു. 1.5 ടെസ്ല എം ആർ ഐ, 4ഡി അൾട്രാ സൗണ്ട്, ഫീറ്റൽ മെഡിസിൻ, ലാബ്, എൻ സി എസ്, ഇഇജി തുടങ്ങിയവ ക്ലാരിറ്റിയിൽ നിർവഹിക്കാനാവുമെന്ന് അധികൃതർ പറഞ്ഞു. ചടങ്ങിൽ പെരുമ്പാവൂർ മുൻസിപ്പൽ ചെയർപേഴ്സൺ കെ. എൻ സംഗീത, നെസ്റ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടറും ചെയർമാനുമായ എൻ. ജഗാംഹീർ, കെ. പി. സി. സി ജനറൽ സെക്രട്ടറി അഡ്വ. ബി. എ അബ്ദുൽ മുത്തലിബ്, ക്ലാരിറ്റി ഡയരക്ടർമാരായ ഡോ. റോഷൻ കെ. വത്സൻ, ഡോ. ജിതിൻ ഡേവിസ്, ദീപക് കുര്യൻ, ഡോ.കെ. ബി വത്സൻ തുടങ്ങിയവർ പങ്കെടുത്തു.

# ട്വന്റി20 പാർട്ടി മൂന്ന് സ്ഥാനാർത്ഥികളെ കൂടി പ്രഖ്യാപിച്ചു

## തൃക്കാക്കരയിൽ അഖിൽ മാരാർ, തിരുവമ്പാടിയിൽ സണ്ണി തോമസ്, തൃക്കരിപ്പൂരിൽ രവി കുളങ്ങര

**കൊച്ചി:** ട്വന്റി20 പാർട്ടി മൂന്ന് മണ്ഡലങ്ങളിൽ കൂടി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. തൃക്കാക്കര, തിരുവമ്പാടി, തൃക്കരിപ്പൂർ മണ്ഡലങ്ങളിലാണ് ഇന്നലെ കൊച്ചിയിൽ  പാർട്ടി പ്രസിഡന്റ് സാബു എം.ജേക്കബ് മൂന്ന് സ്ഥാനാർത്ഥികളെ കൂടി പ്രഖ്യാപിച്ചത്.

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയമസഭാ മണ്ഡലത്തിൽ രവി കുളങ്ങരയാണ് സ്ഥാനാർത്ഥി. എൻ.സി.പി അജിത്ത് പവാർ വിഭാഗം കാസർഗോഡ് ജില്ലാ മുൻ പ്രസിഡന്റും സംസ്ഥാന ജനറൽ സെക്രട്ടറിയുമായിരുന്നു. വടക്കൻ മലബാറിലെ അതിശക്തമായ സമുദായ സംഘടനയായ തിയ്യ ക്ഷേമ സഭയുടെ സംസ്ഥാന പ്രസിഡന്റുമാണ് രവി കുളങ്ങര. ഇലക്ട്രിക് വ്യവസായ രംഗത്തും, ആരോഗ്യമേഖലയിലെയും സംരംഭകൻ കൂടിയായ രവി കുളങ്ങര എഞ്ചിനിയറിംഗിൽ ബിരുദാനന്തര ബിരുദധാരിയുമാണ്. രാഷ്ട്രീയ സാമൂഹിക മേഖലയിൽ മുപ്പതിൽപരം വർഷത്തെ പ്രവർത്തന പരിചയമുള്ള രവി കുളങ്ങര ട്വന്റി20യുടെ കാസർഗോഡ് ജില്ലാ കോർഡിനേറ്റർ കൂടിയാണ്. കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയമ സഭ മണ്ഡലത്തിൽ സണ്ണി തോമസാണ് ട്വന്റി20 സ്ഥാനാർത്ഥി. ശരത് പവാർ എൻ.സി.പി പാർട്ടി രൂപീകരിച്ചപ്പോൾ യുവജന വിഭാഗത്തിന്റെ സംഘടന ചുമതലയുണ്ടായിരുന്ന ദേശീയ നേതാവായിരുന്നു സണ്ണി തോമസ്. എൻ.സി.പി.അജിത്ത് പവാർ വിഭാഗത്തിന്റെ ദേശീയ സെക്രട്ടറിയായിരുന്ന സണ്ണി തോമസ് നിലവിൽ ട്വന്റി20 പാർട്ടിയുടെ മലബാർ മേഖല കോർഡിനേറ്ററാണ്.  2005ൽ വെനെസുലയിൽ നടന്ന വേൾഡ് യൂത്ത് കോൺഫറൻസിൽ യൂത്ത് ഡെലിഗേറ്റായി പങ്കെടുത്തിട്ടുള്ള സണ്ണി വ്യവസായ സംരംഭകനുമാണ്.


അഖിൽ മാരാർ എൻ.ഡി.എ സ്ഥാനാർത്ഥി തൃക്കാക്കര മണ്ഡലം.


സണ്ണി തോമസ് എൻ.ഡി.എ സ്ഥാനാർത്ഥി തിരുവമ്പാടി മണ്ഡലം.


രവി കുളങ്ങര എൻ.ഡി.എ സ്ഥാനാർത്ഥി തൃക്കരിപ്പൂർ മണ്ഡലം.

സിനിമാ സംവിധായകനും സോഷ്യൽമീഡിയ ഇൻഫ്ളുവൻസറുമായ അഖിൽ മാരാരാണ് തൃക്കാക്കര മണ്ഡത്തിലെ ട്വന്റി20 സ്ഥാനാർത്ഥി. നഗര കേന്ദ്രീകൃതമായ മണ്ഡലമായ തൃക്കാക്കര മണ്ഡലത്തിൽ കോൺഗ്രസ് പാർട്ടിയാണ് വർഷങ്ങളായി വിജയിക്കുന്നത്. അഖിൽ മാരാരിലൂടെ ഇക്കുറി എൻ.ഡി.എ മണ്ഡലം പിടിച്ചെടുക്കുമെന്ന് സാബു എം. ജേക്കബ് പറഞ്ഞു. ട്വന്റി20 പാർട്ടിയുടെ മുഴുവൻ സ്ഥാനാർത്ഥി നിർണ്ണയവും പൂർത്തിയായെന്നും അടുത്ത ദിവസം പ്രഖ്യാപനം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.  കുന്നത്തുനാട് മണ്ഡലം സ്ഥാനാർത്ഥി ബാബുദിവാകരന്റെ ഒന്നാം ഘട്ടം പ്രചരണം ആരംഭിച്ചുകഴിഞ്ഞു.

# വൈദികരിൽ സഭാത്മക ദർശനം വളർത്തുന്നതിൽ പരിശീലകർക്ക് വലിയ പങ്ക്:  മേജർ ആർച്ചുബിഷപ്പ്

**കാക്കനാട്:** വൈദിക വിദ്യാർത്ഥികളിൽ ആഴമായ സഭാത്മക ദർശനം രൂപപ്പെടുത്തുന്നതിനും അവരെ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തരാക്കുന്നതിനും സെമിനാരി പരിശീലകർക്ക് വലിയ ഉത്തരവാദിത്തമുണ്ടെന്ന് സീറോമലബാർ സഭ മേജർ ആർച്ചുബിഷപ്പ്.

സീറോമലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന മേജർ സെമിനാരി പ്രൊഫസർമാരുടെ സംഗമത്തിൽ സംസാരിക്കുകയായിരുന്നു മാർ റാഫേൽ തട്ടിൽ പിതാവ്. സഭയുടെ ഭാവി വാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിൽ മേജർ സെമിനാരി അധ്യാപകർ വഹിക്കുന്ന നിർണ്ണായക പങ്കിനെ മേജർ ആർച്ചുബിഷപ്പ് പ്രത്യേകം എടുത്തു പറഞ്ഞു. സെമിനാരി പരിശീലനം കേവലം ഒരു അക്കാദമിക് പഠനമല്ലെന്നും, മറിച്ച് സഭയുടെ തനിമയിലും പാരമ്പര്യത്തിലും അടിയുറച്ച ഒരു സഭാത്മക ജീവിതശൈലി രൂപപ്പെടുത്തലാണെന്നും മേജർ ആർച്ചുബിഷപ്പ് ഓർമ്മിപ്പിച്ചു. വൈദിക രൂപീകരണത്തിന്റെ അടിസ്ഥാന ശിലകളായ ആത്മീയം, അജപാലനം, മാനുഷികം, ബൗദ്ധികം, പ്രേഷിതത്വം (മിഷനറി) എന്നീ അഞ്ചു തലങ്ങളിൽ ഊന്നിയുള്ള സമഗ്രമായ പരിശീലനമാണ് വിദ്യാർത്ഥികൾക്ക് നൽകേണ്ടത്. സുവിശേഷ മൂല്യങ്ങളിലും സഭാ പ്രബോധനങ്ങളിലും അധിഷ്ഠിതമായ ഒരു ദർശനം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കാൻ പ്രൊഫസർമാർക്ക് സാധിക്കണമെന്നും മേജർ ആർച്ചുബിഷപ്പ്  കൂട്ടിച്ചേർത്തു.

മാറുന്ന അജപാലന സാഹചര്യങ്ങൾ കണക്കിലെടുത്ത് വൈദിക പരിശീലന പദ്ധതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ സീറോമലബാർ മെത്രാൻ സിനഡ് തീരുമാനമനുസരിച്ചാണ് സെമിനാരി പരിശീലനത്തിൽ വരുത്തേ മാറ്റങ്ങളെയും അവയുടെ പ്രായോഗിക തലനങ്ങളെയുംകുറിച്ചു പഠിക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായി മേജർ സെമിനാരികളിലെ അധ്യാപകരുടെ സംഗമം വൈദികർക്കുവേണ്ടിയുള്ള കമ്മീഷന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്തത്. വൈദിക രൂപീകരണത്തിന്റെ പ്രാഥമിക ഘട്ടമായ മൈനർ സെമിനാരി മുതൽ തന്നെ ഈ പരിഷ്കാരങ്ങൾ നടപ്പിലാക്കി തുടങ്ങാനാണ് സിനഡ് ലക്ഷ്യമിടുന്നത്.

# നാഷണൽ യൂത്ത് ഫെസ്റ്റിവൽ : ക്ലാസിക്കൽ ഡാൻസിൽ എം. ബി ഭാവന ജേതാവ്



**കൊച്ചി:** അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന്റെ ആഭിമുഖ്യത്തിൽ ചെന്നൈയിലുള്ള സത്യഭാമ യൂണിവേഴ്സിറ്റിയിൽ നടന്ന നാഷണൽ യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ എം. ബി ഭാവനയ്ക്ക് ക്ലാസിക്കൽ ഡാൻസിൽ ഒന്നാം സ്ഥാനം ലഭിച്ചു. സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ ബി. എ. (ഭരതനാട്യം) ആറാം സെമസ്റ്റർ വിദ്യാർത്ഥിനിയാണ്. ലൈറ്റ് മ്യൂസിക് സോളോയിൽ ഭാവന വിജയൻ (എം. എ. (മ്യൂസിക്) നാലാം സെമസ്റ്റർ) നാലാം സ്ഥാനവും, കാർട്ടൂൺ വിഭാഗത്തിൽ ഗോപിക പി. എസ്. (ബി. എഫ്. എ. (പെയിന്റിംഗ്))ന് അഞ്ചാം സ്ഥാനവും ലഭിച്ചു. വിജയികളെ വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് അഭിനന്ദിച്ചു.

# ‘ആർട്ട് ബിയോ് ആർട്ട്’ സംഗീതനൃത്ത മേള മാർച്ച് 20 മുതൽ

**കൊച്ചി:** കൊച്ചി ബിനാലെ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന സംഗീതനൃത്ത മേളയായ 'ആർട്ട് ബിയോ് ആർട്ട്' മാർച്ച് 20 മുതൽ ഫോർട്ട് കൊച്ചി ബാസ്റ്റ്യൻ ബംഗ്ലാവിലെ ബിനാലെ പവലിയനിൽ നടക്കും. കൊച്ചി മുസിരിസ് ബിനാലെ ആറാം പതിപ്പിന്റെ ഭാഗമായി സംഘടിപ്പിച്ചുവരുന്ന 'കല, കാലം, കലാപം' എന്ന ഔട്ട് റീച്ച് പ്രോഗ്രാം പരമ്പരയുടെ സമാപനം കുറിച്ചുകൊണ്ടാണ് ത്രിദിന മേള അരങ്ങേറുന്നത്. കലാസ്വാദകനായ കേളി രാമചന്ദ്രനാണ് പരിപാടി ക്യൂറേറ്റ് ചെയ്യുന്നത്. മേളയിലെ കലാപ്രകടനങ്ങൾ എല്ലാ ദിവസവും വൈകുന്നേരം ഏഴ് മണിക്ക് ആരംഭിക്കും.

കല വെറുമൊരു വിനോദത്തിനപ്പുറം സമൂഹത്തിലെ സംഘർഷങ്ങളെയും പാർശ്വവൽക്കരിക്കപ്പെട്ടവർ നിത്യേന അനുഭവിക്കുന്ന വേർതിരിവുകളെയും അനീതികൾക്കെതിരെയുള്ള പോരാട്ടങ്ങളെയും പ്രതിഫലിപ്പിക്കുന്ന ഒന്നായിരിക്കും ഇത്. മേളയിലെ മൂന്ന് അവതരണങ്ങളും നിലവിലെ കാലഘട്ടത്തിലെ സംഘർഷങ്ങളെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രീയ സംവാദങ്ങളാണെന്നും ക്യൂറേറ്റർ കേളി രാമചന്ദ്രൻ പറഞ്ഞു. മാർച്ച് 20ന് ആദ്യദിനത്തിൽ സന്ദീപ് സിംഗ് അവതരിപ്പിക്കുന്ന 90 മിനിറ്റ് ദൈർഘ്യമുള്ള ദിൽറൂബ, തൗസ് കച്ചേരി നടക്കും. ദിൽറൂബ ഒരു ശാസ്ത്രീയ സംഗീത ഉപകരണത്തിന്റെ ചരിത്രം, പരിണാമം എന്നതിനെക്കുറിച്ച് ഈ അവതരണത്തിലൂടെ വ്യക്തമാകുമെന്ന് കേളി രാമചന്ദ്രൻ പറഞ്ഞു.

മാർച്ച് 21ന് നർത്തകി നടരാജും സംഘവും ഭരതനാട്യം അവതരിപ്പിക്കും. മേളയുടെ സമാപന ദിവസമായ മാർച്ച് 22ന് സംഘർഷഭരിതമായ മണിപ്പൂരിന്റെ പശ്ചാത്തലത്തിലുള്ള അവതരണമാകും നടക്കുക. റൂബൻ മഷാങ്വ അവതരിപ്പിക്കുന്ന 'ബ്ലൂസ്, ബാലഡ്സ് ആൻഡ് ദ മ്യൂസിക് വേൾഡ് ഓഫ് നാഗാസ്' എന്ന പരിപാടി മണിപ്പൂരിലെ തങ്ഖുൽ നാഗ വിഭാഗത്തിന്റെ ഗോത്രവർഗ്ഗ നാടോടി സംഗീത പാരമ്പര്യത്തെ പരിചയപ്പെടുത്തുന്നു. ഗോത്രസംഗീതം എങ്ങനെ ലോകമെമ്പാടുമുള്ള വിവിധ സംഗീത ശൈലികളുമായി സംവദിക്കുന്നുവെന്നും പരിസ്ഥിതി, സ്ത്രീകൾ, കല എന്നിവയെ സംഗീതത്തിലൂടെ ഒരു നാടോടി ഗായകൻ എങ്ങനെ കാണുന്നുവെന്നും ഈ 90 മിനിറ്റ് ദൈർഘ്യമുള്ള പരിപാടിയിലൂടെ അവതരിപ്പിക്കുകയാണ്. ഗോത്ര സംഗീതത്തിന് നൽകിയ മികച്ച സംഭാവനകൾ പരിഗണിച്ച് ഇദ്ദേഹത്തിന് പത്മശ്രീ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

# ഐ.എച്ച്.ആർ.ഡി പുനർമൂല്യനിർണ്ണയത്തിന് 24 വരെ അപേക്ഷിക്കാം

**കൊച്ചി:** ഐ.എച്ച്.ആർ.ഡിക്ക് കീഴിലുള്ള വിവിധ കോഴ്സുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2025 ഡിസംബർ മാസത്തിൽ നടന്ന പി.ജി.ഡി.സി.എ , പി.ജി.ഡി.സി.എഫ് ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകളുടെയും, ഡി.ഡി.ടി.ഒ.എ, ഡി.സി.എ  ഒന്നും രണ്ടും സെമസ്റ്റർ, സി.സി.എൽ.ഐ.എസ് എന്നീ കോഴ്സുകളുടെ ഫലമാണ് പ്രഖ്യാപിച്ചത്. പരീക്ഷാഫലവും മാർക്കിന്റെ വിശദാംശങ്ങളും അതത് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും ഐ.എച്ച്.ആർ.ഡിയുടെ ഔദ്യോഗിക വെബ്സൈറ്റായ www.ihrd.ac.in ലും ലഭ്യമാണ്. പുനർ മൂല്യനിർണയത്തിന് മാർച്ച് 24 വരെ പിഴയില്ലാതെ അപേക്ഷിക്കാം. മാർച്ച് 30 വരെ 200 രൂപ ലേറ്റ് ഫീസോടെയും അപേക്ഷകൾ സ്വീകരിക്കും. അപേക്ഷകൾ അതത് പരീക്ഷാ കേന്ദ്രങ്ങളിലാണ് സമർപ്പിക്കേണ്ടത്. 2026 ജൂണിലെ സപ്ലിമെന്ററി പരീക്ഷയ്ക്ക് പ്രത്യേകാനുമതി വേണ്ടവർ മാർച്ച് 24നകം അപേക്ഷിക്കണം. 200 രൂപ ലേറ്റ് ഫീസോടെ മാർച്ച് 30 വരെയും അപേക്ഷിക്കാം. അപേക്ഷകൾ അതത് സ്ഥാപന മേധാവികൾ മുഖേനയാണ് സമർപ്പിക്കേണ്ടത്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്നവ പരിഗണിക്കില്ല. ഫോൺ : 0471 2322985, 0471 2322501.

സൊസൈറ്റി ടുഡേ
SOCIETY TODAY





# ഫാഷൻ ലോകത്തിലെ ഹെയർ ആക്സസറികളുടെ പ്രാധാന്യം

**ഇ. വി ആവണി**

**ഫാ**ഷൻ എന്നത് ഒരു സമൂഹത്തിൽ ഒരു സമയത്ത് വ്യാപകമായി സ്വീകരിക്കപ്പെടുന്ന സ്റ്റൈലുകളെയും പ്രവണതകളെയും സൂചിപ്പിക്കുന്നതാണ്. ആളുകൾ അവരുടെ വ്യക്തിത്വവും ഇഷ്ടവും പ്രകടിപ്പിക്കുന്ന പ്രധാന മാർഗങ്ങളിൽ ഒന്നാണ് ഫാഷൻ. വസ്ത്രധാരണം മാത്രമല്ല, അതിനൊപ്പം ചേർന്നുവരുന്ന വിവിധ ആക്സസറികളും ഒരാളുടെ സ്റ്റൈലിനെ പൂർണതയിലേക്കെത്തിക്കുന്നു. ഒരു വ്യക്തി ധരിക്കുന്ന വസ്ത്രത്തിന് യോജിക്കുന്ന ചെരുപ്പ്, ആഭരണങ്ങൾ, ഹെയർ സ്റ്റൈൽ, ബാഗുകൾ തുടങ്ങിയവ എല്ലാം കൂടി ചേരുമ്പോഴാണ് സമ്പൂർണമായ ഫാഷൻ രൂപം നേടുന്നത്.



## ബോബി പിൻസിന്റെ ഉത്ഭവം

ബോബി പിൻസ് അഥവാ ഹെയർ പിൻസ് ഹെയർ ആക്സസറികളിൽ ഏറെ പ്രസിദ്ധമായ ഒന്നാണ്. യു ആകൃതിയിലുള്ള ചെറിയ പിന്നുകളായ ഇവ മുടിയെ സുരക്ഷിതമായി പിടിച്ചു നിർത്താൻ സഹായിക്കുന്നു. സാൻ ഫ്രാൻസിസ്കോ സ്വദേശിയായ ലൂയിസ് മാർക്കസ് ആണ് ബോബി പിൻസ് കണ്ടുപിടിച്ചതായി പറയപ്പെടുന്നത്. ഒരു കാലത്ത് സ്ത്രീകൾ സ്വീകരികരിച്ചിരുന്ന  പോപ്പുലർ ഹെയർ സ്റ്റൈലാണ് ബോബ് ഹെയർ കട്ടുകൾ. ഒന്നാം ലോക മഹായുദ്ധത്തിന് ശേഷമുള്ള കാലഘട്ടത്തിൽ ബോബ് ഹെയർകട്ട് എന്ന ഹെയർ സ്റ്റൈൽ സ്ത്രീകളിൽ വളരെ ജനപ്രിയമായതിനെ തുടർന്നാണ് ഈ പിന്നുകൾ രൂപം കൊണ്ടത്. ഷോൾഡറിനു മുകളിൽ വരെയുള്ളതും ഷോർട്ടുമായ  ബോബ് ഹയർ കട്ടുകളെ ഒതുക്കിവെക്കാൻ വേണ്ടിയാണ് അദ്ദേഹം പല തരത്തിലുള്ള ബോബി പിന്നുകൾ കണ്ടുപിടിക്കാൻ കാരണമായത്, അതിനാൽ തന്നെ ഈ തരത്തിലുള്ള പിന്നുകൾക്ക് ബോബി പിന്നുകൾ എന്ന് പേരു നൽകിയതെന്നും പറയുന്നു.



## ഫാഷനെ സ്വാധീനിക്കുന്ന ഘടകങ്ങൾ

സമൂഹിക മാധ്യമങ്ങൾ, സിനിമകൾ, ഫാഷൻ ഷോകൾ, സാമൂഹിക പരിപാടികൾ, ഉപഭോക്താക്കളുടെ ആവശ്യങ്ങൾ, സാമൂഹിക നില തുടങ്ങിയവയാണ് ഫാഷൻ മേഖലയെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ. കാലാനുസൃതമായി ഇവയിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നതിനാൽ ഫാഷൻ ലോകവും നിരന്തരം പുതുമകൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

## എന്താണ് ഹെയർ ആക്സസറികൾ?



മുടി അലങ്കരിക്കാൻ ഉപയോഗിക്കുന്ന വിവിധ ഉപകരണങ്ങളെയാണ് സാധാരണയായി ഹെയർ ആക്സസറികൾ എന്ന് വിളിക്കുന്നത്. മുടിയെ ഭംഗിയായി ഒതുക്കി വയ്ക്കാനും വിവിധ ചടങ്ങുകൾക്കും ധരിക്കുന്ന വസ്ത്രങ്ങൾക്കും അനുസൃതമായി മുടി അലങ്കരിക്കാനും ഇവ സഹായിക്കുന്നു.

## ക്ലോ ക്ലിപ്പുകളുടെ ചരിത്രം



ഇന്നത്തെ കാലത്ത് ഏറെ ജനപ്രിയമായ മറ്റൊരു ഹെയർ ആക്സസറിയാണ് ക്ലോ ക്ലിപ്പുകൾ. സാധാരണ ക്ലിപ്പുകളോട് കൂടെ കോംബും ഉൾപ്പെടുത്തിയിരിക്കുന്നതാണ് ഇവയുടെ പ്രത്യേകത. 1980-കളുടെ അവസാനത്തിൽ ഫ്രഞ്ച് വ്യവസായിയായ ക്രിസ്റ്റ്യൻ പൊട്ടട്ട് ആണ് ഈ ക്ലിപ്പ് അവതരിപ്പിച്ചത്. ക്ലോ ക്ലിപ്പുകൾ പല തരത്തിലുണ്ട്. നീളമുള്ളതും കട്ടിയുള്ളതുമായ മുടി ഒത്തുചേർക്കാൻ സഹായിക്കുന്ന ക്ലോ ക്ലിപ്പുകൾ.

മുൻ ഭാഗത്തെ മുടികൾ ഒതുക്കാനോ ചെറിയ സ്റ്റൈലുകൾക്കോ ഉപയോഗിക്കുന്നതിനായി ചെറിയ ക്ലോ ക്ലിപ്പുകൾ. മിഡിയം ക്ലോ ക്ലിപ്പുകൾ, മെറ്റൽ ക്ലോ ക്ലിപ്പുകൾ, കൂടാതെ പാർട്ടി പോലുള്ള അവസരങ്ങളിൽ അലങ്കാരത്തിനു വേണ്ടി ഡിസൈൻ ക്ലോ ക്ലിപ്പുകളും ഉപയോഗിക്കുന്നു. പൂവിന്റെ ആകൃതിയിലുള്ള ക്ലോ ക്ലിപ്പുകളാണ് ഇപ്പോൾ ട്രെൻഡായി നിൽക്കുന്നത്. ഇവ സാധാരണയായി പ്ലാസ്റ്റിക്, മെറ്റൽ, അല്ലെങ്കിൽ ഫാബ്രിക് ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്നു, കൂടാതെ വിവിധ നിറങ്ങളിലും വലുപ്പങ്ങളിലും ലഭ്യമാണ്.

## ആധുനിക ഫാഷനിൽ ഹെയർ ആക്സസറികളുടെ സ്ഥാനം

മുൻപ് പ്രധാനമായും പ്രായോഗിക ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന ഹെയർ ആക്സസറികൾ ഇന്ന് ഫാഷൻ ലോകത്തിലെ പ്രധാന ഡിസൈൻ ഘടകങ്ങളായി മാറിയിരിക്കുന്നു. ട്രെൻഡിയായ ഹെഡ്ബാൻഡുകൾ, സ്ക്രഞ്ചികൾ, ഹെയർ പിൻസ്, ക്ലോ ക്ലിപ്പുകൾ, ടിയാരകൾ, ഹെയർ എക്സ്റ്റൻഷനുകൾ തുടങ്ങിയ നിരവധി രൂപങ്ങളിൽ ഇന്ന് ഇവ ലഭ്യമാണ്.

# ഹീലിയോസ് ലക്സ് – അലക്സാണ്ടർ ഷോറോഖോഫ് സഹകരണം പ്രഖ്യാപിച്ചു



**കൊച്ചി:** ടൈറ്റൻ കമ്പനി ലിമിറ്റഡിന്റെ ഹീലിയോസ് ലക്സ് ജർമ്മൻ സ്വതന്ത്ര വാച്ച് നിർമ്മാതാക്കളായ അലക്സാണ്ടർ ഷോറോഖോഫുമായി സഹകരണം പ്രഖ്യാപിച്ചു. മെക്കാനിക്കൽ കരകൗശല മികവിനൊപ്പം അവന്റ്ഗാർഡ് കലാ ശൈലിയിൽ രൂപകൽപ്പന ചെയ്ത ലിമിറ്റഡ് എഡിഷൻ വാച്ചുകൾക്ക് അന്താരാഷ്ട്ര തലത്തിൽ പ്രശസ്തമാണ് അലക്സാണ്ടർ ഷോറോഖോഫ്. ഹീലിയോസ് ലക്സിലൂടെ 16 ലിമിറ്റഡ് എഡിഷൻ വാച്ചുകളാണ് അലക്സാണ്ടർ ഷോറോഖോഫ് അവതരിപ്പിക്കുന്നത്.

ഇതിൽ അവന്റ്ഗാർഡ് ശൈലിയിലുള്ളതും വിന്റേജ് മോഡലുകളും സങ്കീർണ്ണമായ സാങ്കേതികതയുള്ളവയും ഉൾപ്പെടുന്നു. കാൻഡി അവന്റ്ഗാർഡ് 2, വിന്റർ, സിക്സ്റ്റിത്രീ, നൈവ ബ്രൗൺ, നെവ ക്രോണോ, ഫുൾ കളർ കാഡമോമോ, ഷാർ, സ്വാൻ ലേക്ക് അലാം, ലക്കി 8, ക്രേസി ഐസ് ക്രോണോ, ഫ്ളെൻസി, ഹാപ്പി സെക്കൻഡ്, ഇമോഷൻ ഡ്യൂ എന്നിവയുൾപ്പെടെയുള്ള മോഡലുകൾ ലഭ്യമാണ്. ഓട്ടോമാറ്റിക്, ഹാൻഡ്‌വൗണ്ട്, ക്രോണോഗ്രാഫ് മൂവ്മെന്റുകൾ ഉള്ള ഈ വാച്ചുകളിൽ കൈകൊണ്ട് ചെയ്ത കൊത്തുപണികളും മികച്ച ഫിനിഷിംഗുമാണുള്ളത്. ഇവയിൽ മിക്ക വാച്ചുകളും ലോകമെമ്പാടുമായി 30 മുതൽ 100 എണ്ണം വരെ മാത്രമേ ലഭ്യമാകൂ. കൈകൊണ്ട് നിർമ്മിച്ച ഓരോ വാച്ചും പ്രത്യേകം നമ്പർ നൽകിയവയാണ്. അലക്സാണ്ടർ ഷോറോഖോഫ് വാച്ച് ശേഖരത്തിലെ പ്രധാന ആകർഷണങ്ങളിലൊന്ന് 'കാൻഡി അവന്റ്ഗാർഡ് 2' എന്ന പേരിലുള്ള വാച്ചാണ്. ചിത്രകാരൻ വാസിലി കാൻഡിൻസ്കിയുടെ അമൂർത്ത സൃഷ്ടികളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് നിർമ്മിച്ച ഈ വാച്ചുകൾ 100 എണ്ണം മാത്രമാണ് ലോകത്തെമ്പാടുമായി ലഭ്യമായുള്ളത്. ബ്രാൻഡിന്റെ കലാപരമായ സവിശേഷതകൾ പ്രതിഫലിപ്പിക്കുന്ന ജ്യാമിതീയ ഡയലും തിളക്കമുള്ള നിറങ്ങളും ഇതിന്റെ പ്രത്യേകതയാണെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് വാച്ചസ് വിഭാഗം വിപി ആന്റ് സിഎസ്എംഒ രാഹുൽ ശുക്ല പറഞ്ഞു.

# വുമൺ മേക്കേഴ്സ് സെലിബ്രേഷൻ 2026



**കൊച്ചി:** 'വുമൺ മേക്കേഴ്സ് സെലിബ്രേഷൻ 2026 കൊച്ചിയിൽ നടന്നു. ടെക്നോളജി നിർമ്മാതാക്കൾ, മെന്റർമാർ, സ്റ്റാർട്ട്അപ്പ് സ്ഥാപകർ, മറ്റ് മേഖലകളിലെ പ്രമുഖർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കളമശ്ശേരി കേരള സ്റ്റാർട്ടപ്പ് മിഷൻ ക്യാമ്പസിൽ നടന്ന 'ടിങ്ക് ഹെർ ഹാക്ക് 4.0' ഹാക്കത്തോണിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മികച്ച 300 വനിതാ ടെക് മേക്കർമാരും അവരെ പിന്തുണച്ച സ്ഥാപന മേധാവികളും പരിപാടിയിൽ പങ്കെടുത്തു. പരിപാടിയിൽ ശ്രേയ കൃഷ്ണൻ (മാനേജിംഗ് ഡയറക്ടർ അനിത ബി ഒർഗ് ഇന്ത്യ), നിധിയ വി. രാജ് (ഗ്ലോബൽ ജി.ടി.എം സ്ട്രാറ്റജി എൻവിഡിയ), അഖില സോമനാഥ് (കോഫൗണ്ടർ, ടെക് ഫോർ ഗുഡ് കമ്മ്യൂണിറ്റി) തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിച്ചു.

കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഒ.ഒ. ടോം തോമസ്, കെ.എസ്.ഐ.ഡി.സി ചെയർമാൻ ബാലഗോപാൽ ചന്ദ്രശേഖർ എന്നിവർ പരിപാടിയിൽ മുഖ്യാതിഥികളായി. ഹാക്കത്തോൺ വേദികളായ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ചടങ്ങിൽ ആദരിച്ചു. കൂടുതൽ സ്ത്രീകൾ സാങ്കേതിക ലോകത്തേക്ക് കടന്നുവരുന്നത് വഴി കേരളത്തിൽ ശക്തമായ ഒരു വനിതാ സംരംഭക നിര ഉയർന്നു വരികയാണെന്നും സ്ത്രീകളുടെ ഈ രംഗത്തേക്കുള്ള കടന്നുവരവ് സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയെ കൂടുതൽ സുസ്ഥിരമാക്കാൻ സഹായിക്കുമെന്നും കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഒ.ഒ. ടോം തോമസ് പറഞ്ഞു.

സംസ്ഥാനത്തുടനീളം 2,800 ലധികം വിദ്യാർത്ഥിനികൾ പങ്കെടുത്ത വൻ ഓഫ് ലൈൻ ഹാക്കത്തോണായിരുന്നു 'ടിങ്ക് ഹെർ ഹാക്ക് 4.0'. ഹാക്കത്തോണിൽ 1,500ലധികം ആശയങ്ങളാണ് ചർച്ച ചെയ്തത്.

# പിക്കിൾ ബോൾ ചാമ്പ്യൻഷിപ്പിന് ഉജ്ജ്വല സമാപനം




**കൊച്ചി:** പിക്ക്ലേഴ്സ് ഹബ്ബിന്റെ നേതൃത്വത്തിൽ എളംകുളം ചിലവനൂരിലെ റാലി ലാബ്സിൽ നടന്നു വന്ന 'ക്വീൻ ഓഫ് അറേബ്യൻ സീ' പിക്കിൾ ബോൾ ചാമ്പ്യൻഷിപ്പിന് ആവേശകരമായ സമാപനം. ഓപ്പൺ സിംഗിൾസ് വിഭാഗത്തിൽ ബംഗളൂരുവിൽ നിന്നുള്ള കുനാൽ മാത്യൂസ് ജേതാവായപ്പോൾ മധുര സ്വദേശി ഹരി രാജൻ റണ്ണറപ്പായി. ഓപ്പൺ ഡബിൾസിൽ ബംഗളൂരുവിന്റെ കുനാൽ മാത്യൂസ്, കൃഷ്ണ കുമാർ സഖ്യം കിരീടം ചൂടി. വുമൺസ് സിംഗിൾസിൽ ബംഗളൂരുവിൽ നിന്നുള്ള ഭവ്യ വിജയിയായി, കൊച്ചി സ്വദേശി ശ്രീജന താപ്പ രണ്ടാം സ്ഥാനം നേടി. വുമൺസ് ഡബിൾസിൽ ഭവ്യയും റെബേക്കയും (ബംഗളൂരു) ഒന്നാം സ്ഥാനവും, തൃശൂരിൽ നിന്നുള്ള അനുവും ശ്രീജയും രണ്ടാം സ്ഥാനവും കരസ്ഥമാക്കി. മിക്സഡ് ഡബിൾസിൽ തമിഴ്നാട്ടിൽ നിന്നുള്ള ഹരി മഹേശ്വരി ടീം ജേതാക്കളായി. തിരുനെൽവേലി സ്വദേശികളായ കാർത്തിക് ഇളങ്കോ, തൃശൂർ നിന്നുള്ള പ്രസിത എന്നിവർ റണ്ണറപ്പായി. ബിഗിനർ ഡബിൾസ് വിഭാഗത്തിൽ ചേർത്തലയിൽ നിന്നുള്ള ശിവൻ സന്തോഷും സച്ചിൻ സുരേഷും വിജയികളായപ്പോൾ, ഗ്ലേഡിലെ ജെസിലും ഗോകുലും റണ്ണറപ്പായി. ഇന്റർമീഡിയറ്റ് ഡബിൾസിൽ മധുരയിൽ നിന്നുള്ള ഹരി രാജൻ വിവേകാനന്ദൻ ടീം വിജയികളായി. കൊച്ചിയിൽ നിന്നുള്ള ഹാരി ടോജോ, ബിലു ബാബു എന്നിവർ രണ്ടാം സ്ഥാനം നേടി. 35 പ്ലസ് സിംഗിൾസിൽ തൃശ്ശൂരിൽ നിന്നുള്ള സനീഷ് കാര്യത്ത് വിജയിയായി, വിനീത് ആർ. നായർ റണ്ണറപ്പായി. 35 പ്ലസ് ഡബിൾസിൽ കോഴിക്കോട് സ്വദേശികളായ ഫിറോസ് തെക്കത്തും അർജുൻ കൃഷ്ണനും കിരീടം നേടി.ഓപ്പൺ ഡബിൾസ് റണ്ണറപ്പുകളായി ചേർത്തലയിൽ നിന്നുള്ള അക്ഷയ് സുരേഷും തിരുവനന്തപുരത്തു നിന്നുള്ള വിനീത് ആർ. നായരും തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ, 35 പ്ലസ് ഡബിൾസ് വിഭാഗത്തിൽ തൃശൂരിൽ നിന്നുള്ള സന്ദേഷ് കാര്യദും ജിതിൻ രഞ്ജിത്തും റണ്ണറപ്പുകളായി. 50 പ്ലസ് ഡബിൾസിൽ ഭൂഷൺ അകുട്ട് (മുംബൈ), ഡാനിയൽ ഡേവിസ് (തൃശൂർ) ടീം വിജയികളായി. ചെന്നൈയിൽ നിന്നുള്ള ടോണി ചാക്കോ, ഈശ്വരൻ അണ്ണാമലൈ എന്നിവരാണ് റണ്ണറപ്പായത്. 60 പ്ലസ് സിംഗിൾസ് വിഭാഗത്തിൽ മുംബൈയിൽ നിന്നുള്ള ഭൂഷൺ അകുട്ട് വിജയിച്ചപ്പോൾ മുംബൈയുടെ തന്നെ ടോണി ചാക്കോ രണ്ടാം സ്ഥാനം നേടി.

# ലിവൈസ് 'ബിഹൈൻഡ് എവരി ഒറിജിനൽ' ക്യാമ്പയിൻ തുടങ്ങുന്നു

**കൊച്ചി:** ബോളിവുഡ് താരവും ആഗോള ബ്രാൻഡ് അംബാസിഡറുമായ ആലിയ ഭട്ടിനെ പങ്കെടുപ്പിച്ച് 'ബിഹൈൻഡ് എവരി ഒറിജിനൽ' എന്ന പേരിൽ ലിവൈസ് പുതിയ ക്യാമ്പയിൻ ആരംഭിക്കുന്നു. സംസ്കാരത്തെ മുന്നോട്ട് നയിക്കുന്നവർ 150 വർഷത്തിലേറെയായി ലിവൈസ് ധരിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് ക്യാമ്പയിനിന്റെ പ്രമേയം. 150 വർഷത്തിലേറെയായി, സംസ്കാരത്തെ മുന്നോട്ട് നയിക്കുന്നവർ ലിവൈസ് ധരിക്കുന്നതായും ആ ചലനത്തിന്റെ കേന്ദ്രബിന്ദുവിൽ തുടരാനുള്ള പ്രതിബദ്ധതയെ ബിഹൈൻഡ് എവരി ഒറിജിനൽ ശക്തിപ്പെടുത്തുന്നതായും ലെവി സ്ട്രോസ് ആന്റ് കമ്പനിയുടെ ദക്ഷിണേഷ്യ, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവയുടെ മാനേജിംഗ് ഡയറക്ടർ ഹിരേൻ ഗോർ പറഞ്ഞു. ലിവൈസിന്റെ സ്ത്രീകളുടെ ഫിറ്റുകൾ രാജ്യവ്യാപകമായി സ്റ്റോറുകളിലും www.levi.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും ലഭ്യമാണ്.

# ബൈക്ക് ടാക്സി ഇനി കേരളത്തിലും; ലൈസൻസ് നേടി റാപ്പിഡോ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര മൊബിലിറ്റി പ്ലാറ്റ്ഫോമായ റാപ്പിഡോ കേരളത്തിൽ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസ് നേടി. ഇതോടെ സംസ്ഥാനത്തെ ആദ്യത്തെ അംഗീകൃത ലൈസൻസുള്ള അഗ്രിഗേറ്ററായി റാപ്പിഡോ മാറി. ഇരുചക്ര, മുച്ചക്ര, നാലു ചക്രവാഹന വിഭാഗങ്ങളിലെല്ലാം റാപ്പിഡോ ഈ ലൈസൻസ് നേടിയിട്ടുണ്ടെന്ന് റാപ്പിഡോയുടെ സഹസ്ഥാപകൻ പവൻ ഗുപ്പുള്ളി പറഞ്ഞു. ലൈസൻസ് നിലവിൽ വരുന്നതോടെ കൊച്ചിയിലും തിരുവനന്തപുരത്തും റാപ്പിഡോ ബൈക്ക് ടാക്സി പ്രവർത്തനങ്ങൾ ആരംഭിക്കും. കേരളത്തിൽ ഘടനാപരവും നിയമപരവുമായ നിബന്ധനകൾ പാലിച്ചുകൊള്ളുള്ള ഇരുചക്രവാഹന ഗതാഗതത്തിന്റെ ഒരു പുതിയ യുഗത്തിന് തുടക്കമിടും. സംസ്ഥാന അധികാരികളുമായി അടുത്ത് പ്രവർത്തിക്കുന്നതിനും നിയന്ത്രണ ചട്ടക്കൂടുകൾ പാലിക്കുന്നതിനും യാത്രക്കാർക്ക് സുരക്ഷിതവും താങ്ങാനാവുന്നതുമായ ആദ്യഅവസാന മൈൽ കണക്ടിവിറ്റി നൽകുന്നതിനുമുള്ള റാപ്പിഡോയുടെ പ്രതിബദ്ധത ശക്തിപ്പെടുത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു.ലൈസൻസ് ഉള്ള ബൈക്ക് ടാക്സി സേവനങ്ങൾ ഔപചാരികമാക്കുന്നതിലൂടെ കേരളത്തിലെ നഗര സഞ്ചാര ആവാസവ്യവസ്ഥയുടെ പരിണാമത്തിന് സംഭാവന നൽകുന്നതിനൊപ്പം സമഗ്രമായ സാമ്പത്തിക വളർച്ചയെ പിന്തുണയ്ക്കുക എന്നതാണ് റാപ്പിഡോ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

# ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് സ്കീം അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്

**കൊച്ചി:** ആസ്തികളിൽ നിന്നുള്ള ലാഭം സുരക്ഷിത നിക്ഷേപമാക്കാനുള്ള ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് ഫെഡറൽ ബാങ്ക് അവതരിപ്പിച്ചു. ആസ്തികളുടെ വിൽപനയിലൂടെയോ കൈമാറ്റത്തിലൂടെയോ ലഭിക്കുന്ന തുക നിക്ഷേപിക്കാവുന്ന അക്കൗണ്ടാണിത്. ഘട്ടം ഘട്ടമായി തുക പിൻവലിക്കാവുന്ന സേവിങ്സ് അക്കൗണ്ട് (ടൈപ്പ് എ) ആയും കാലാവധിക്ക് ശേഷം പിൻവലിക്കാവുന്ന ഡിപ്പോസിറ്റ് അക്കൗണ്ട് (ടൈപ്പ് ബി) ആയും ഇടപാടുകാർക്ക് നിക്ഷേപിക്കാം. നിക്ഷേപകർക്ക് ആദായ നികുതിയിലെ നിയമാനുസൃത ഇളവുകൾ ലഭ്യമാണ്. ഇടപാടുകാർക്ക് സൗകര്യപ്രദമായ നിക്ഷേപങ്ങൾ നടത്താൻ അവസരമൊരുക്കുകയാണ് സ്കീം അവതരിപ്പിച്ചതിലൂടെ ലക്ഷ്യമിടുന്നതെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും കൺട്രി ഹെഡുമായ ജോയ് പി വി പറഞ്ഞു. മറ്റു പദ്ധതികളിൽ നിക്ഷേപിക്കുന്നതു വരെ പലിശ നേടുന്നതിനൊപ്പം ആദായനികുതി വകുപ്പിന്റെ നിബന്ധനകൾക്കനുസൃതമായി ടാക്സ് ഇളവുകൾ നേടാനും പര്യാപ്തമാക്കുന്നതാണ് ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് സ്കീം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 2025 നവംബർ 19ലെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപന പ്രകാരം, ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് സ്കീം നിക്ഷേപങ്ങൾ സ്വീകരിക്കാൻ ഫെഡറൽ ബാങ്കിന് അനുമതി ലഭിച്ചിരുന്നു. 2026 മാർച്ച് 13 മുതലാണ് ഫെഡറൽ ബാങ്ക് പദ്ധതി പ്രാബല്യത്തിലാക്കിയത്. വ്യക്തികൾ, അവിഭക്ത ഹിന്ദു കുടുംബങ്ങൾ (എച്ച്.യു.എഫ്), പ്രായപൂർത്തിയാകാത്തവർ, പ്രവാസികൾ എന്നിവർക്ക് സ്കീമിനു കീഴിൽ അക്കൗണ്ട് തുടങ്ങാം. നിലവിലുള്ളവർക്കു പുറമെ പുതിയ ഇടപാടുകാർക്കും പദ്ധതി ലഭ്യമാണ്. ഗ്രാമീണ ശാഖകളൊഴികെയുള്ള തങ്ങളുടെ എല്ലാ ശാഖകളിലും അക്കൗണ്ട് സ്കീം ലഭ്യമാണെന്നും ഫെഡറൽ ബാങ്ക് അറിയിച്ചു.

# കാർഷിക ജീവിതവും പരിസ്ഥിതിയുടെ മുറിവുകളും ദൃശ്യങ്ങളിൽ കോർത്തിണക്കി ആർട്ടിസ്റ്റ് കുൽപ്രീത് സിംഗ്



**കൊച്ചി:** മട്ടാഞ്ചേരി ബസാർ റോഡിലെ ആനന്ദ് വെയർഹൗസിലെ ഒരു മുറിയിലേക്ക് കടന്നാൽ പുക കൊണ്ട് കരിഞ്ഞ വയൽ പോലെ തോന്നും. ഇരുണ്ടതും മങ്ങലും നിറഞ്ഞതുമായ അന്തരീക്ഷം മുറിയാകെ മൂടിയിരിക്കുന്നു. അങ്ങിങ്ങായി ചിതറിച്ചിട്ട നെൽക്കറ്റകളുടെ കെട്ടുകൾ കാഴ്ചക്കാരുടെ ഇരിപ്പിടങ്ങളായി മാറിയിരിക്കുന്നു. അവിടെ കർഷകരുടെ ദുരിതവും പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്ന പരിസ്ഥിതി യാഥാർത്ഥ്യങ്ങളും അഭ്രപാളികളിൽ മിന്നിത്തെളിയുകയാണ്.

നീണ്ട ക്യാൻവാസുകൾക്ക് പിന്നിലായി വെള്ള വസ്ത്രം ധരിച്ച കലാകാരൻ കുൽപ്രീത് സിംഗും അദ്ദേഹത്തിന്റെ സുഹൃത്തുകളും സഹ കർഷകരും ഓടുന്നതാണ് കാണുന്നത്. പ്രതിഷേധത്തിന്റെ ഭാഷയും ജീവിതത്തിന്റെ അടയാളങ്ങളും ചേർന്നൊരു ദൃശ്യകാവ്യം പോലെ അത് മുന്നോട്ട് നീങ്ങുന്നു. പഞ്ചാബിലെ പട്യാല സ്വദേശിയായ കുൽപ്രീത് സിംഗിന്റെ 'ഇൻഡെലിബിൾ ബ്ലാക്ക് മാർക്സ്' എന്ന കൃതി ഹരിത വിപ്ലവത്തിന് മുമ്പും ശേഷവും കൃഷിയിലുണ്ടായ മാറ്റങ്ങളെക്കുറിച്ചുള്ള സംവാദത്തിന് വഴിതുറക്കുന്നതാണ്. അദ്ദേഹത്തിന്റെ സ്വന്തം നാടായ പഞ്ചാബിന്റെ മണ്ണിലാണ് ചിത്രത്തിന് പ്രമേയമാകുന്ന ഈ ചർച്ചയുടെ വേരുകൾ പതിഞ്ഞിരിക്കുന്നത്. ഹരിത വിപ്ലവത്തിന്റെ ചരിത്രവും അതിന്റെ ദീർഘകാല പ്രതിഫലനങ്ങളും ചിത്രത്തിലൂടെ അനാവരണം ചെയ്യപ്പെടുകയാണ്. അടുത്ത വിളക്കാലത്തിനായി വയൽപ്പാടം ഒരുക്കുന്നത് പരമ്പരാഗത രീതിയായ വൈക്കോൽ കത്തിക്കലിലൂടെയാണ്. അതിന്റെ ചാരം കൈപ്പിടിയിലൊതുക്കി പോക്കറ്റിലിടുന്ന കുൽപ്രീതിന്റെ ദൃശ്യത്തോടെയാണ് ചിത്രത്തിന് തുടക്കമിടുന്നത്.

കണ്ണെത്താ ദൂരത്തോളം പരന്നു കിടക്കുന്ന വയലേലകളിൽ മഞ്ഞനിറത്തിലുള്ള തീച്ചുരുളുകൾ പടരുന്നു. ആംബുലൻസ് സൈറണുകൾ, ഹോണുകൾ, വാഹനങ്ങൾ, വിമാനങ്ങൾ, പ്രതിഷേധങ്ങൾ, ആക്രമണങ്ങൾ, ഫാക്ടറികളിൽ നിന്നുള്ള കോലാഹലങ്ങൾ, യുദ്ധങ്ങൾ, സ്ഫോടനങ്ങൾ അങ്ങനെ പശ്ചാത്തലത്തിൽ അശാന്തിയുടെ തേരോട്ടം. ഈ ഒച്ചപ്പാടിന് നടുവിലൂടെ ശ്വാസംമുട്ടിയ പോലെ കുൽപ്രീതും സംഘവും മുന്നോട്ട് കുതിക്കുകയാണ്. പ്രതിഷേധക്കാരെ പോലെ അവർ മുന്നിലേക്ക് ഓടുമ്പോൾ നീ ക്യാൻവാസുകൾ പിന്നിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നത് കാണാം. നാം ജീവിക്കുന്ന ലോകത്തിൽ മണ്ണിനും വായുവിനും വെള്ളത്തിനും കർഷകർക്കുമെതിരെ ആവർത്തിച്ചു നടക്കുന്ന അതിക്രമങ്ങളെയാണ് ഈ ക്യാൻവാസുകൾ പ്രതിഫലിപ്പിക്കുന്നത്. കൃഷിയും കലയും എനിക്ക് വേറിട്ടതല്ല. കർഷകൻ മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും മണ്ണിനുള്ളിലെ അദൃശ്യ ജീവികൾക്കും വേണ്ടി കൃഷി ചെയ്യുന്നു. എന്റെ വേരുകൾ കൃഷിയിലായതിനാൽ സമഗ്ര നന്മ എന്ന സമീപനത്തോടെയാണ് താൻ കലയെ സമീപിക്കുന്നതെന്ന് കുൽപ്രീത് പറയുന്നു.

# രാജ്യത്താകമാനം റൈഡ് സംഘടിപ്പിച്ച് റോയൽ എൻഫീൽഡ്



**കൊച്ചി** :റോയൽ എൻഫീൽഡ് സൂപ്പർ മീറ്റിയോർ 650 മോട്ടോർസൈക്കിളിന്റെ മൂന്നാം വാർഷികം രാജ്യത്താകമാനം സംഘടിപ്പിച്ച പ്രത്യേക റൈഡിലൂടെ ആഘോഷിച്ചു.

ഇന്ത്യയിലെ 100ത്തിലധികം നഗരങ്ങളിൽ നിന്നായി ഏകദേശം 4,000 റൈഡർമാർ ഈ പരിപാടിയിൽ പങ്കെടുത്തു. ദീർഘദൂര യാത്രകൾക്കായി രൂപകൽപ്പന ചെയ്ത ഈ ക്രൂസർ 648 സിസി പാരലൽ ട്വിൻ എഞ്ചിനോടുകൂടിയാണ് എത്തുന്നത്. മൃദുവായ ഗിയർ മാറ്റം, ശക്തമായ ടോർക്ക്, സുഖകരമായ റൈഡിംഗ് അനുഭവം എന്നിവയാണ് ഇതിന്റെ പ്രത്യേകതകൾ. അപ്, സൈഡ്, ഡൗൺ ഫ്ര് ഫോർക്കുകൾ, 1500 മില്ലീമീറ്റർ വീൽബേസ്, 15.7 ലിറ്റർ ഇന്ധന ടാങ്ക് തുടങ്ങിയ സവിശേഷതകൾ ദീർഘയാത്രകൾക്ക് കൂടുതൽ സ്ഥിരതയും സൗകര്യവും നൽകുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.


LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663